# കേരള സർവകലാശാല

നം. പി.ആർ.063/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എഡ് ഓൺലൈൻ രജിസ്ട്രേഷൻ

ഏപ്രിലിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2013 സ്കീം-സപ്ലിമെന്ററി) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 20-ന് ആരംഭിക്കും. പിഴകൂടാതെ മാർച്ച് 28, 50 രൂപ പിഴയോടെ ഏപ്രിൽ അഞ്ച്, 125 രൂപ പിഴയോടെ ഏപ്രിൽ 11 വരെ ഫീസടച്ച് അപേക്ഷിക്കാം.

## എം.എച്ച്.ആർ.എം ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന എം.എച്ച്.ആർ.എം (മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സസ് മാനേജ്മെന്റ്) കോഴ്സിന്റെ ഒന്നും രണ്ടും വർഷ സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ.എം.എസ് ഫലം

2017 ഡിസംബറിൽ നടത്തിയ മൂന്നാം വർഷ ബി.എ.എം.എസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഏപ്രിൽ രണ്ട് വരെ അപേക്ഷിക്കാം.

## എം.എ.എസ്.എൽ.പി ഫലം

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ.എസ്.എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് 28 വരെ അപേക്ഷിക്കാം.

## ജൂനിയർ റിസർച്ച് ഫെലോ, ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

കേരള സർവകലാശാല കാര്യവട്ടം അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ് പഠനവകുപ്പിലെ മറൈൻ ബയോഡൈവേഴ്സിറ്റി കേന്ദ്രത്തിലുള്ള റിസർച്ച് പ്രോജക്ടിലേയ്ക്ക് താല്ക്കാലിക അടിസ്ഥാനത്തിൽ ജൂനിയർ റിസർച്ച് ഫെലോ (1 ഒഴിവ്), ടെക്നിക്കൽ അസിസ്റ്റന്റ് (2 ഒഴിവ്) തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ job notification എന്ന ലിങ്കിൽ ലഭിക്കും.

## ഹാൾടിക്കറ്റ് കൈപ്പറ്റണം

വിദൂര വിദ്യാഭ്യാസ വിഭാഗം മാർച്ച് 21-ന് ആരംഭിക്കാനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷ തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, കൊല്ലം, മുളങ്കാടകം യു.ഐ.ടി, ചേർത്തല എസ്.എൻ കോളേജ്, എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തും. ഹാൾടിക്കറ്റ് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റണം.

## എം.ബി.എ ഫലം

വിദൂര വിദ്യാഭ്യാസ വിഭാഗം 2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സോഫ്റ്റ് സ്കിൽ പരിശീലനം

കേരള സർവകലാശാല ധനതത്വശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ത്രിദിന ദേശീയ സോഫ്റ്റ് സ്കിൽ ശിൽപശാല മാർച്ച് 21 മുതൽ 23 വരെ ധനതത്വ ശാസ്ത്ര വിഭാഗം സെമിനാർ ഹാളിൽ സംഘടിപ്പിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും.

## ബി.ഡെസ് പരീക്ഷ

മാർച്ച് 14-ന് ആരംഭിക്കുന്ന രണ്ട്, നാല് സെമസ്റ്റർ ബി.ഡെസ് പരീക്ഷയ്ക്കും, മേയ് 15-ന് ആരംഭിക്കുന്ന ആറ്, ഏഴ് സെമസ്റ്റർ പരീക്ഷയ്ക്കും പിഴകൂടാതെ ഏപ്രിൽ 11, 50 രൂപ പിഴയോടെ ഏപ്രിൽ 13, 125 രൂപ പിഴയോടെ ഏപ്രിൽ 16 വരെയും ഫീസടച്ച് അപേക്ഷിക്കാം.

## എം.എഡ് ഫലം

2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (എം.ആർ/ഐ.ഡി) ഡിഗ്രി പരീക്ഷയുടേയും 2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എഡ്യുക്കേഷൻ (എം.ആർ/ഐ.ഡി) ഡിഗ്രി പരീക്ഷയുടേയും ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
19.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ